# Athmaraksha.org

രക്ഷയുടെ വഴികൾ

## ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതും, വി.കുർബാന യോഗ്യതയോടെ സ്വീകരിക്കുന്നതും




നിങ്ങളുടെ ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കാനും തനിക്കു വസിക്കാനും ആയി നിങ്ങളുടെ സകല ഗോത്രങ്ങളിലുംനിന്നു തിരഞ്ഞെടുക്കുന്ന സ്ഥലമേതെന്ന് അന്വേഷിച്ച് നിങ്ങൾ അവിടേക്കു പോകണം (നിയമാവർത്തനം 12:5).

ഇവിടെ നിന്നുയരുന്ന പ്രാർഥനകൾക്കുനേരേ എന്റെ കണ്ണും കാതും ജാഗരൂകമായിരിക്കും. എന്റെ നാമം ഇവിടെ എന്നേക്കും നിലനിൽക്കേണ്ടതിന് ഞാൻ ഈ ആലയം തിരഞ്ഞെടുത്തു വിശുദ്ധീകരിച്ചിരിക്കുന്നതിനാൽ, എന്റെ ഹൃദയപൂർവമായ കടാക്ഷം സദാ ഇതിൻമേൽ ഉണ്ടായിരിക്കും (2 ദിനവൃത്താന്തം 7:1516).

അങ്ങയുടെ അങ്കണത്തിൽ വസിക്കാൻ അങ്ങുതന്നെ തിരഞ്ഞെടുത്തു കൊണ്ടുവരുന്നവൻ ഭാഗ്യവാൻ; ഞങ്ങൾ അങ്ങയുടെ ആലയത്തിലെ, വിശുദ്ധ മന്ദിരത്തിലെ, നൻമകൊണ്ടു സംതൃപ്തരാകും (സങ്കീർത്തനങ്ങൾ 65:4).

കണ്ണീരോടെയാണ് അവർ വരുന്നത്; എന്നാൽ ഞാനവരെ ആശ്വസിപ്പിച്ചു നയിക്കും. ഞാൻ അവരെ നീരൊഴുക്കുകളിലേക്കു നയിക്കും (ജറെമിയാ 31:9) .

സാബത്തിനെ ചവിട്ടിമെതിക്കുന്നതിൽനിന്നും എന്റെ വിശുദ്ധദിവസത്തിൽ നിന്റെ ഇഷ്ടം അനുവർത്തിക്കുന്നതിൽ നിന്നും നീ പിന്തിരിയുക; സാബത്തിനെ സന്തോഷദായകവും കർത്താവിന്റെ വിശുദ്ധദിനത്തെ ബഹുമാന്യവുമായി കണക്കാക്കുക. നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താത്പര്യങ്ങൾ അന്വേഷിക്കാതെയും വ്യർഥഭാഷണത്തിലേർപ്പെടാതെയും അതിനെ ആദരിക്കുക (ഏശയ്യാ 58:13).

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ, എന്റെ ശരീരം യഥാർഥഭക്ഷണമാണ്. എന്റെ രക്തം യഥാർഥപാനീയവുമാണ്. എന്റെ ശരീരം ഭക്ഷിക്കുകയും

എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു (യോഹന്നാൻ 6:5456).

കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരമാണ്. എന്റെ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ, അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളിച്ചെയ്തു: ഇത് എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എന്റെ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത് (1 കോറിന്തോസ് 11:2326).

ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധനചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ് (1 കോറിന്തോസ് 11:2730).